**പാഠം 7** **ആഗസ്റ്റ് 5–11**

# വിശ്വാസത്തിലേക്കുള്ള വഴി

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക:**

**ഗലാ. 3:21–25; ലേവ്യ 18:5; റോമ. 3:9–19; 1 കൊരി. 9:20; റോമ. 3:1,2; 8:1–4.**

**മനഃപാഠവാക്യം:**

**"എങ്കിലും വിശ്വസിക്കുന്നവർക്കു വാഗ്ദത്തം യേശുക്രിസ്തുവിലെ വിശ്വാസത്താൽ ലഭിക്കേണ്ടതിനു തിരുവെഴുത്ത് എല്ലാവരെയും പാപത്തിൽ കീഴടച്ചു കളഞ്ഞു" (ഗലാ. 3:22).**

വളർത്തുപ്രാവുകൾക്ക് ഒരു ദിവസം നൂറുകണക്കിന് മൈലുകൾ പറന്ന് കൃത്യമായി അവരുടെ ലക്ഷ്യത്തിലെത്തിച്ചേരാനുള്ള കഴിവിനെക്കുറിച്ച് ദീർഘകാലമായി അറിവുള്ളതാണ്. എന്നിട്ടുകൂടി ഏറ്റവും നല്ല വളർത്തുപ്രാവുകൾക്കുപോലും ചിലപ്പോൾ ദിശതെറ്റി ആരംഭസ്ഥലത്തേക്ക് തിരിച്ചെത്തുവാൻ സാധിക്കാറില്ല. ഏറ്റവും വലിയ സംഭവം നടന്നത് ഇംഗ്ലണ്ടിലാണ്, 20,000 പ്രാവുകൾ (600,000 ഡോളർ മതിപ്പുവിലയുള്ളവ) ഒരിക്കലും തിരികെ അവരുടെ കൂട്ടിലേക്ക് വന്നില്ല.

നാമെല്ലാം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ അനുഭവിച്ചിട്ടുള്ളതുപോലെ ലക്ഷ്യമില്ലാതെ അലയുന്നതോ, നഷ്ടപ്പെട്ടുപോകുന്നതോ, അസ്വാദ്യകരമല്ല. അത് നമ്മെ ഭയത്താൽ നിറയ്ക്കും, വെപ്രാളം കൂടും; അത് നമ്മെ പരിഭ്രാന്തിയിലേക്കു നയിക്കും.

ആത്മീയ തലത്തിലും ഇത് സത്യമാണ്. നാം ക്രിസ്തുവിനെ സ്വീകരിച്ചശേഷവും നഷ്ടപ്പെടാം, അല്ലെങ്കിൽ സ്ഥലകാല ബോധമില്ലാത്തവരാകുകയും ഒരിക്കലും ദൈവത്തിലേക്ക് തിരികെ വരാതിരിക്കുകയും ചെയ്യാം.

എന്നിരുന്നാലും സുവാർത്ത ഇതാണ് ദൈവം നമ്മെ ഒറ്റയ്ക്ക് വിട്ടിട്ടില്ല. അവൻ വിശ്വാസത്തിലേക്കുള്ള വഴി തയ്യാറാക്കിയിട്ടുണ്ട്, സുവിശേഷത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ ആ പാതയിലാകട്ടെ ന്യായപ്രമാണവും ഉൾപ്പെട്ടിരിക്കുന്നു. അനേകരും സുവിശേഷത്തിൽനിന്ന് ന്യായപ്രമാണത്തെ വേർപ്പെടുത്തുവാൻ ശ്രമിക്കുന്നു; ചിലരാകട്ടെ അവ തമ്മിൽ വൈരുദ്ധ്യമുണ്ടെന്നും കരുതുന്നു.

ഈ വീക്ഷണം തെറ്റാണെന്നു മാത്രമല്ല, അതിന് ദാരുണമായ പരിണതഫലങ്ങളുമുണ്ടാകാം. ന്യായപ്രമാണമില്ലാതെ,നമുക്ക് സുവിശേഷമുണ്ടാകില്ല. വാസ്തവത്തിൽ ന്യായപ്രമാണമില്ലാതെ സുവിശേഷം മനസ്സിലാക്കുവാൻ ബുദ്ധിമുട്ടാണ്.

ആഗസ്റ്റ് 12-ലെ ശബ്ബത്തിനായി ഒരുങ്ങാൻ ഈയാഴ്ചയിലെ പാഠം പഠിക്കുക.

**വാഗ്ദത്തവും ന്യായപ്രമാണവും**

**"എന്നാൽ ന്യായപ്രമാണം ദൈവവാഗ്ദത്തങ്ങൾക്കു വിരോധമോ?" ഗലാ.3:21).**

ന്യായപ്രമാണത്തെ താൻ വിലകുറച്ചു കാണുന്നു എന്ന നിഗമനത്തിലേക്ക് എത്തിച്ചേരാൻ അവന്റെ എതിരാളികൾക്ക് അവന്റെ പരമാർശങ്ങൾ കാരണമാകുമെന്നും അല്ലെങ്കിൽ ദൈവത്തിന്റെ വാഗ്ദത്തങ്ങൾക്കുള്ള മുൻഗണന വെറുമൊരു മൂടുപടമിട്ട മോശെയുടെ ന്യായപ്രമാണത്തിന്റെയും തോറയുടെയും ഭാഗമാണെന്നും ബോധ്യമായപ്പോൾ, പൗലൊസ് അവർ ചിന്തിച്ചിരുന്ന അതേ ചോദ്യം ചോദിച്ചു. "നിങ്ങൾ പറയുന്നത് ന്യായപ്രമാണം ദൈവത്തിന്റെ വാഗ്ദത്തങ്ങളെ എതിർത്തു പറയുന്നുവെന്നാണോ?" ഇതിനു പൗലൊസ് ശക്തമായൊരു "അല്ല!" പറയുന്നു. അപ്രകാരമൊരു നിഗമനം അസാധ്യമാണ്, കാരണം ദൈവം അവനുതന്നെ എതിരല്ല. ദൈവമാണ് വാഗ്ദത്തങ്ങളും ന്യായപ്രമാണവും നല്കിയത്.

ന്യായപ്രമാണം വാഗ്ദത്തങ്ങൾക്ക് എതിരല്ല. രണ്ടിനും വ്യത്യസ്തമായ പങ്കുകളും കടമകളും ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ ഉണ്ടെന്നേയുള്ളൂ.

**ന്യായപ്രമാണത്തിന്റെ പങ്കിനെപ്പറ്റി പൗലൊസിന്റെ എതിരാളികൾക്ക് എന്ത് തെറ്റിദ്ധരിക്കപ്പെട്ട ആശയമാണുണ്ടായിരുന്നത്? ഗലാ. 3:21; ലേവ്യ 18:5; ആവ. 6:24 എന്നിവ താരതമ്യം ചെയ്യുക.**

ഈ ജനങ്ങൾ വിശ്വസിച്ചത് ന്യായപ്രമാണത്തിന് അവർക്ക് അത്മീയ ജീവൻ നല്കാനാകുമെന്നാണ്. ലേവ്യ 18:5; ആവ. 6:24 പോലുള്ള പഴയനിയമ പാഠഭാഗങ്ങളുടെ തെറ്റായ വ്യാഖ്യാനം മൂലമാകാം അവർ അപ്രകാരമൊരു കാഴ്ചപ്പാടിലെത്തിയത്, അവിടെ ദൈവത്തിന്റെ ഉടമ്പടിയിൽ ആശ്രയിക്കുന്നവർ എങ്ങനെ ജീവിക്കണം എന്ന് ന്യായപ്രമാണം നിർദ്ദേശിക്കുന്നു. ഉടമ്പടിക്കുള്ളിലെ ജീവിതം ന്യായപ്രമാണം നിയന്ത്രിച്ചിരുന്നു, എന്നാൽ അവർ നിഗമനത്തിലെത്തിയത് ഒരു വ്യക്തിയുടെ ദൈവവുമായുള്ള ബന്ധത്തിന്റെ ഉറവിടമാണ് ന്യായപ്രമാണം എന്നാണ്. എന്നിരുന്നാലും, വേദപുസ്തകം വളരെ വ്യക്തമാണ്. "ജീവിപ്പിക്കാനുള്ള കഴിവ് ദൈവത്തിന്റെയും അവന്റെ ആത്മാവിന്റെ ശക്തിക്കും കീഴിലുള്ളത് മാത്രമാണ് (2 രാജാ. 5:7; നെഹ.9:6; യോഹ. 5:21; റോമ. 4:17). ന്യായപ്രമാണത്തിന് ഒരുവനെയും ആത്മീയമായി ജീവിപ്പിക്കാനാകില്ല. എന്നിരുന്നാലും, ന്യായപ്രമാണം ദൈവ വാഗ്ദത്തത്തിന് എതിരാണെന്ന് ഇതിനർത്ഥമില്ല.

ന്യായപ്രമാണത്തിനു ജീവൻ നല്കാനുള്ള കഴിവില്ലായ്മ തെളിയിക്കുന്നതിന്റെ അന്വേഷണത്തിൽ ഗലാ.3:22 ൽ പൗലൊസ് എഴുതുന്നു, "തിരുവെഴുത്ത് എല്ലാവരെയും പാപത്തിത്തിൻകീഴടച്ചു കളഞ്ഞു" റോമ. 3:9-19 ൽ പഴയനിയമത്തിൽനിന്നും എടുത്തിട്ടുള്ള ഒരു കൂട്ടം വാക്യങ്ങളിൽക്കൂടി നാം എത്ര കൊള്ളാത്തവരാണെന്ന് പൗലൊസ് കാണിക്കുന്നു. ആ പാഠഭാഗങ്ങൾ അടുക്കും ചിട്ടയുമില്ലാതെ ക്രമീകരിച്ചിരിക്കുകയല്ല. അവൻ ആരംഭിക്കുന്നത് പാപം എന്ന പ്രശ്നത്തിന്റെ ഹൃദയത്തിൽ

നിന്നാണ്. മനുഷ്യ ഹൃദയങ്ങളെ ദുഷിപ്പിക്കുന്ന സ്വാർത്ഥ മനോഭാവം പീന്നിട് പാപത്തിന്റെ വ്യാപിക്കുവാനുള്ള കഴിവിനെ വർണ്ണിക്കുന്ന വാക്യങ്ങളിലേക്കും ഒടുവിലായി അതിന്റെ സാർവ്വത്രികതത്വത്തിലേക്കും നയിക്കുന്നു.

അവൻ പറയാനാഗ്രഹിക്കുന്നത്? പാപത്തിന്റെ വ്യാപ്തിയാലും ന്യായപ്രമാണ ത്തിന്റെ പരിമിതിയാലും, നിത്യജീവനായുള്ള വാഗ്ദത്തം നമ്മിലേക്ക് വരുന്നത് നമുക്ക് ക്രസ്തുവിന്റെ വിശ്വസ്തതയിലുടെ മാത്രമാണ്. ഇവിടെ, വീണ്ടും, പ്രൊട്ടസ്റ്റന്റ് നവോത്ഥാനത്തെ മുമ്പോട്ട് നയിച്ച വലിയ സത്യം നാം കാണുന്നു.

ന്യായപ്രമാണത്തിനു നമ്മെ രക്ഷിക്കാനാകില്ലെങ്കിലും, അതിനോടു പറ്റിനിൽക്കു ന്നതുകൊണ്ട് എന്ത് വലിയ നേട്ടങ്ങളാണ് നമുക്കുള്ളത്? അതായത്,എന്ത് പ്രായോഗിക നന്മയാണ് ദൈവത്തിന്റെ ന്യായപ്രമാണം അനുസരിച്ചതിലൂടെ നിങ്ങളുടെ ജീവിത ത്തിൽ അനുഭവപ്പെട്ടത്?

**തിങ്കൾ** **ആഗസ്റ്റ് 7**

**"ന്യായപ്രമാണത്തിൻകീഴിൽ"**

ഗലാ. 3:23 ൽ പൗലൊസ് എഴുതുന്നു, "വിശ്വാസം വരുംമുൻപെ നമ്മിൽ വെളി പ്പെടുവാനിരുന്ന....ന്യായപ്രമാണത്തിൻകീഴിൽ അടച്ചു സൂക്ഷിച്ചിരുന്നു." "നാം" എന്ന് പറയുന്നതിലൂടെ പൗലൊസ് ഗലാത്യയിലുള്ള സഭകളിലെ യെഹൂദ വിശ്വാസി കളെയാണ് സൂചിപ്പിക്കുന്നത് അവർക്കാണ് ന്യായപ്രമാണവുമായി പരിചയം. ഗലാ. 2:15 മുതൽ പൗലൊസ് അവരോട് പ്രത്യേകമായി സംസാരിക്കുക യായിരുന്നു. ഈ വ്യത്യാസം നമുക്ക് ഗലാ. 3:23 ലുള്ള "നമ്മൾ" എന്നതിലും ഗലാ. 3:26-ലുള്ള "നിങ്ങൾ" എന്നതിലും കാണാം.

ഗലാ. 3:23 വായിക്കുന്നത് "വിശ്വാസംവരും മുൻപെ" എന്നാണ്; എന്നാൽ അക്ഷരീയ ഗ്രീക്കിൽ അത് ഇങ്ങനെയാണ്," "വിശ്വാസത്തിന് മുൻപെ" എന്നാണ്. കാരണം പൗലൊസ് ക്രിസ്തുവരുന്നതിനു മുൻപും പിൻപുമുള്ള ന്യായപ്രമാണ ത്തെയാണ് വ്യത്യാസപ്പെടുത്തി കാണുന്നത് (ഗലാ. 3:24), "ആ വിശ്വാസം" എന്നത് മിക്കവാറും യേശുവിനെക്കുറിച്ചു തന്നെയുള്ള ഒരു പ്രതിപാദ്യമാകാം, പൊതുവിലുള്ള ക്രിസ്തീയ വിശ്വാസമായിരിക്കില്ല.

**ക്രിസ്തു വരുന്നതിനുമുൻപ് യെഹൂദന്മാർ "ന്യായപ്രമാണത്തിൻ കീഴിലായി രുന്നു" എന്ന് പൗലൊസ് പറയുന്നു: "ന്യായപ്രമാണത്തിൻ കീഴിൽ എന്നതുകൊണ്ട് അവൻ എന്താണ് അർത്ഥമാക്കുന്നത്? ഗലാ.3:22,23 നെ റോമ. 6:14,15; 1 കൊരി. 9:20; ഗലാ. 4:4,5,21; 5:18 എന്നിവയുമായി താരതമ്യം ചെയ്യുക.**

"ന്യായപ്രമാണത്തിൻ കീഴിൽ" എന്ന പദശകലം പൗലൊസ് 12 പ്രാവശ്യം തന്റെ ലേഖനങ്ങളിൽ ഉപയോഗിക്കുന്നു. അതിന്റെ പശ്ചാത്തലമനുസരിച്ച് അതിന് ഏതാനും വ്യത്യസ്ത ഗൂഡാർത്ഥങ്ങളുമുണ്ടാകാം "ന്യായപ്രമാണത്തിൻ കീഴിൽ" രക്ഷയ്ക്കുള്ള ഒരു പകരം വഴിയായി(ഗലാ. 4:21).അനുസരണത്തിലൂടെ ജീവ-ദായക നീതി നേടുവാൻ നോക്കുകയായിരുന്നു. ഗലാത്യയിലെ എതിരാളികൾ എന്നിരുന്നാലും,

പൗലൊസ് നേരത്തെ വ്യക്തമാക്കിയതുപോലെ, ഇത് അസാധ്യമാണ് (ഗലാ. 3:21,22). പൗലൊസ് പിന്നീട് അത് ചൂണ്ടിക്കാണിക്കുകയുംചെയ്യും, ന്യായപ്രമാണത്തിൻ കീഴിലായിരിക്കാൻ ആഗ്രഹിച്ചതുകൊണ്ട് ഗലാത്യർ യഥാർത്ഥത്തിൽ ക്രിസ്തുവിനെ നിരാകരിക്കുകയായിരുന്നു (ഗലാ. 5:2-4).

2. "ന്യായപ്രമാണത്തിൻ കീഴിൽ" അതിന്റെ കുറ്റപ്പെടുത്തലിൻ കീഴിൽ എന്ന അർത്ഥത്തിൽ(റോമ. 6:14,15). ന്യായപ്രമാണത്തിന് പാപപരിഹാരം ചെയ്യാനാകാത്തതു കൊണ്ട്, അതിന്റെ ആവശ്യങ്ങളുടെ ലംഘനം അത്യന്തികമായി കുറ്റം വിധിക്കലിൽ എത്തിച്ചേരുന്നു. ഈ അവസ്ഥയിലാണ് സകല മനുഷ്യരും അവരെത്തന്നെ കണ്ടെത്തുന്നത്. ന്യായപ്രമാണം ഒരു ജയിൽ അധികാരിയെപ്പോലെ പ്രവർത്തിക്കുന്നു, അത് ലംഘിച്ച ഏവരെയും അതിനുള്ളിലിട്ട് പൂട്ടി, അവരുടെമേൽ മരണ ശിക്ഷ വന്നു ചേർന്നു. നാം നാളത്തെ പാഠത്തിൽ കാണാൻ പോകുന്നതുപോലെ, ഗലാ.3:23 -ലുള്ള അടച്ചു സൂക്ഷിച്ചു എന്നത് സൂചിപ്പിക്കുന്നത് ഇതാണ് പൗലൊസ് ഈ പാഠഭാഗത്തിൽ "ന്യായപ്രമാണത്തിൻ കീഴിൽ" എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണ്.

താരതമ്യേന ബന്ധമുള്ള ഒരു ഗ്രീക്കു പദം എന്നോമോസ് (ennomos) എന്നത് സാധാരണയായി തർജ്ജമ ചെയ്താൽ "ന്യായപ്രമാണത്തിൻ കീഴിൽ" എന്നാകും, ഇതിന്റെ അക്ഷരാർത്ഥത്തിലുള്ള അർത്ഥം "ന്യായപ്രമാണത്തിനുള്ളിൽ" എന്നും ക്രിസ്തുവുമായുള്ള ഐക്യത്തിൽ ന്യായപ്രമാണത്തിന്റെ പിരിധിക്കുള്ളിൽ ജീവിക്കുക എന്നുമാണ് (1 കൊരി. 9:21). "ന്യായപ്രമാണത്തിന്റെ പ്രവർത്തികൾ" എന്നാൽ ക്രിസ്തുവിനെ കൂടാതെ ന്യായപ്രമാണം പാലിക്കാൻ നോക്കുന്നതിലൂടെ, നീതീകരിക്കപ്പെടുവാൻ അസാധ്യമാണ്, കാരണം വിശ്വാസത്തിലൂടെ നീതിമാന്മാരായവർ മാത്രമേ ജീവിക്കുകയുള്ളൂ (ഗലാ. 3:11).

ഈ സത്യം ന്യായപ്രമാണത്തെ ഇല്ലാതാക്കുന്നില്ല; അത് കാണിക്കുന്നത് ന്യായപ്രമാണത്തിന് നമുക്ക് നിത്യജീവനേകാനാകില്ല എന്നാണ്. അത് വളരെ താമസിച്ചുപോയി.

**ചൊവ്വ** **ആഗസ്റ്റ് 8**

**ന്യായപ്രമാണം നമ്മുടെ "അടച്ചു സൂക്ഷിപ്പുകാരനായി"**

ന്യായപ്രമാണത്തെക്കുറിച്ച് രണ്ട് അടിസ്ഥാന നിഗമനങ്ങൾ പൗലൊസ് നല്കുന്നു. (1) ന്യായപ്രമാണം അബ്രഹാമിനു ദൈവം കൊടുത്ത വാഗ്ദത്തത്തെ അസാധുവാക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നില്ല (ഗലാ. 3:15-20); (2) ന്യായപ്രമാണം വാഗ്ദത്തത്തിന് എതിരല്ല (ഗലാ. 3:21,22).

അപ്പോൾ പിന്നെ യഥാർത്ഥത്തിൽ ന്യായപ്രമാണം എന്ത് പങ്കാണ് വഹിക്കുന്നത്? പൗലൊസ് എഴുതുന്നത് അത് "ലംഘനങ്ങൾ നിമിത്തം" (ഗലാ. 3:19). കൂട്ടിച്ചേർക്കപ്പെട്ടതാണെന്നാണ്, ആ ആശയത്തെ അവൻ വിപുലീകരിക്കുന്നത് മൂന്ന് തരം വാക്കുകളോ, പദ ശകലങ്ങളോ ന്യായപ്രമാണവുമായി ബന്ധപ്പെടുത്തിയാണ്, സൂക്ഷിച്ചിരിക്കുന്നു അടച്ചു സൂക്ഷിച്ചിരിക്കുന്നു (വാക്യം 23) ശിശുപാലകൻ (വാക്യം 24).

**ഗലാ. 3:19-24 പ്രാർത്ഥനയോടും ശ്രദ്ധയോടും വായിക്കുക. ന്യായപ്രമാണ ത്തെക്കുറിച്ച് പൗലൊസ് എന്താണ് പറയുന്നത്?**

അത്യന്താധുനിക തർജ്ജമകൾ ന്യായപ്രമാണത്തെക്കുറിച്ചുള്ള ഗലാ. 3:19-ലെ പൗലൊസിന്റെ പരാമർശങ്ങൾ തികച്ചും നിഷേധാത്മകമായാണ് വ്യാഖ്യാനിക്കുന്നത്. എന്നാൽ ആദിമ ഗ്രീക്ക് പരിഭാഷ അത്ര ഏകപക്ഷീയമല്ല. "സൂക്ഷിക്കുക" എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന ഗ്രീക്ക് പദം അക്ഷരാർത്ഥത്തിൽ "കാവൽ ചെയ്യുക" എന്നാണ്. അതിനെ നിഷേധാത്മകമായി "കസ്റ്റടിയിൽ വയ്ക്കുക" അല്ലെങ്കിൽ "കാവൽവച്ചു കാത്തു" (2 കൊരി. 11:32) എന്നുമാകാം, പുതിയ നിയമത്തിൽ അതിന് കുറച്ചുകൂടി പ്രസാദാത്മകമായ അർത്ഥമാണുള്ളത് "സംരക്ഷിക്കുക" (ഫിലി. 4:7, 1 പത്രൊ. 1:5) "അടച്ചു സൂക്ഷിക്കുക" ഗലാ. 3:23 എന്ന വാക്കിലും ഈ കാര്യം സത്യമാണ്. അതിനെ "അടെച്ചു" (ഉല്പ. 20:18) "കുടുങ്ങി" (പുറ. 14:3, യോശുവ 6:1, യിരെ. 13:19), "അകപ്പെട്ടു" (ലൂക്കൊ. 5:6) അല്ലെങ്കിൽ "അടച്ചുകളഞ്ഞു" (റോമ.11:32) എന്നിങ്ങനെ തർജ്ജമ ചെയ്യാം. ഈ ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നതുപോലെ, അതിന്റെ പശ്ചാത്തലമനുസരിച്ച്, ഈ വാക്കിന് നിഷേധാത്മകമോ പ്രസാദാത്മകമോ ആയ ഗുഢാർത്ഥങ്ങളുണ്ടാകും.

**എന്ത് പ്രയോജനങ്ങളാണ് ന്യായപ്രമാണം (കർമ്മാചാരചരവും സന്മാർഗ്ഗ പരവും) യിസ്രായേൽ മക്കൾക്ക് നല്കിയത്? റോമ. 3:1,2; ആവ. 7:12-24; ലേവ്യ 18:20-30).**

പൗലൊസിന് ന്യായപ്രമാണത്തെക്കുറിച്ചു നിഷേധാത്മകമായി സംസാരിക്കാൻ കഴിയുമെങ്കിലും (റോമ. 7:6, ഗലാ. 2:19), അതിനെക്കുറിച്ച് വളരെയധികം പ്രസാദ ത്മക കാര്യങ്ങളും അവന് പറയുവാനുണ്ട് (റോമ. 7:12,14; 8:3,4; 13:8). യിസ്രായേലിനു മേൽ ദൈവം വച്ച ഒരു ശാപമായിരുന്നില്ല ന്യായപ്രമാണം; ഇതിനു വിപരീതമായി, അതൊരു അനുഗ്രഹമാകാൻ ഉദ്ദേശിച്ചുള്ളതായിരുന്നു. അതിന്റെ യാഗസമ്പ്രദായ ത്തിന് ആത്യന്തികമായി പാപത്തെ മാറ്റുവാൻ കഴിയില്ലെങ്കിലും, അതിനു കഴിയുന്ന വാഗ്ദത്ത മശിഹയിലേക്ക് അത് ചൂണ്ടിക്കാട്ടി, കൂടാതെ അതിന്റെ മനുഷ്യ സ്വഭാവത്തെ നയിക്കുന്ന അനേകം ന്യായപ്രമാണങ്ങൾ മറ്റ് പുരാതന സംസ്കാരങ്ങളെ ഗ്രസിച്ചിരുന്ന അനേകം തിന്മകളിൽനിന്ന് യിസ്രായേലിനെ സംരക്ഷിച്ചു. ന്യായപ്രമാണത്തെക്കുറിച്ച് മറ്റിടങ്ങളിൽ പൗലൊസിന്റേതായുള്ള പ്രസാദാത്മക പരാമർശങ്ങളുടെ വെളിച്ചത്തിൽ, ഇവിടെയുള്ള അവന്റെ പരാമർശങ്ങൾ തികച്ചും നിഷേധാത്മക മാണെന്നു മനസ്സിലാക്കുന്നത് ഒരു തെറ്റായിരിക്കും.

**ദുരുപയോഗം ചെയ്യപ്പെടുന്ന എന്തെങ്കിലും നല്ലതിനെക്കുറിച്ചു ചിന്തിക്കുക. ഉദാഹരണത്തിന്, ഒരു രോഗം ചികിത്സിക്കാനായി ഉണ്ടാക്കപ്പെട്ട ഒരു മരുന്ന് ചിലർ ലഹരിക്കായി ദുരുപയോഗം ചെയ്യുന്നു. ഈ തത്വങ്ങളെക്കുറിച്ചുള്ള എന്ത് ഉദാഹരണങ്ങളാണ് നിങ്ങൾ നിങ്ങളുടെ തന്നെ ജീവിതത്തിൽ കണ്ടിട്ടുള്ളത്? എങ്ങനെയാണ് ഒരു നല്ല കാര്യം ദുരുപയോഗം ചെയ്യപ്പെടാവുന്നത് എന്ന നമ്മുടെ അറിവ് എങ്ങനെയാണ് പൗലൊസ് ഇവിടെ കൈകാര്യം ചെയ്യുന്ന വിഷയം മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നത്?**

## ന്യായപ്രമാണം ശിശുപാലകനായി

**ഗലാ. 3:23-ൽ, പൗലൊസ് ന്യായപ്രമാണത്തെ കാത്തു സൂക്ഷിക്കുന്ന ഒരു ശക്തിയായി വർണ്ണിക്കുന്നു. 24-ാം വാകൃത്തിൽ അവൻ അതിനെ എന്തിനോട് സാമ്യപ്പെടുത്തുന്നത്, അതിന്റെ അർത്ഥമെന്താണ്?**

“ശിശുപാലകൻ” എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന വാക്ക് ഗ്രീക്ക് വാക്കായ (Paidagogos), പൈഡാഗോഗസ് എന്ന വാക്കിൽനിന്നാണ്. ചില പതിപ്പുകൾ അതിനെ “ശിക്ഷകൻ” “അദ്ധ്യാപകൻ”, അല്ലെങ്കിൽ “സൂക്ഷിപ്പുകാരൻ” എന്നിങ്ങനെ തർജ്ജമ ചെയ്യുന്നു, എന്നാൽ ഒരു ഏക വാക്കിന് അതിന്റെ അർത്ഥം പൂർണ്ണമായി ഉൾക്കൊള്ളാനാകില്ല. Paidagogos എന്നത് റോമാ സമൂഹത്തിൽ ഒരടിമയായിരുന്നു, അവനെ അവന്റെ യജമാനന്റെ മക്കൾക്കുമേൽ ഒരധികാര സ്ഥാനത്ത് ഇരുത്തിയിരുന്നു, മക്കൾ പ്രായപൂർത്തിയാകുന്നതുവരെ. അവന്റെ ചുമതലയിലുള്ള കുട്ടികളുടെ ശാരീരിക ആവശ്യങ്ങളായ കുളി, ഭക്ഷണം, വസ്ത്രം, അപകടങ്ങളിൽനിന്ന് രക്ഷപ്പെടുത്തൽ, സ്കൂളിൽ പോക്ക്, ഗൃഹപാഠം ചെയ്യൽ എന്നിവയും പൈഡാഗോഗസിന്റെ ചുമതലയായിരുന്നു. ഇതിനു പുറമെ, അവൻ അവരെ സാന്മാർഗ്ഗിക പാഠങ്ങൾ പഠിപ്പിക്കുക മാത്രമല്ല അവർ അത് പഠിക്കുകയും പരിശീലിക്കുകയും ചെയ്തുവെന്ന് ഉറപ്പ് വരുത്തുകയും വേണമായിരുന്നു.

പൈഡഗോഗസുകളിൽ ചിലർ ദയയുള്ളവരും അവരുടെ കുട്ടികളാൽ സ്നേഹിക്കപ്പെട്ടവരുമായിരുന്നെങ്കിലും, പുരാതന സാഹിതൃത്തിൽ അവരെക്കുറിച്ചുള്ള ശക്തമായ വിവരണം അവർ കർക്കശക്കാരായ ശിക്ഷകരായിരുന്നുവെന്നാണ്. അവർ അനുസരണം ഉറപ്പാക്കിയത് ശാസനകളിലൂടെയും കർശനമായ ഭീഷണിയിലൂടെയും മാത്രമായിരുന്നില്ല പിന്നെയോ ചൂരൽ പ്രയോഗത്തിലൂടെയും ചാട്ടവാറിലൂടെയുമായിരുന്നു.

പൗലൊസ് ന്യായപ്രമാണത്തെ ഒരു ശിശുപാലകനായി വർണ്ണിക്കുമ്പോൾ ന്യായപ്രമാണത്തിന്റെ പങ്ക് എന്താണെന്ന് അവൻ മനസ്സിലാക്കിയതിനെ കൂടുതൽ വ്യക്തമാക്കുന്നു. ന്യായപ്രമാണം കൂട്ടിച്ചേർക്കപ്പെട്ടത് പാപത്തെ ചൂണ്ടിക്കാണിക്കുവാനും നിർദ്ദേശ്യം നൽകാനുമായിരുന്നു. ഈ ചുമതലയുടെ പ്രകൃതം തന്നെ അർത്ഥമാക്കുന്നത് ന്യായപ്രമാണത്തിന് ഒരു നിഷേധാത്മക വശമുണ്ടെന്നാണ്, അതിനുകാരണം അത് നമ്മെ പാപികളെന്ന നിലയിൽ ശാസിക്കുകയും കുറ്റം വിധിക്കുകയും ചെയ്യുന്നു എന്നതാണ്. എന്നിരുന്നാലും, ഈ “നിഷേധാത്മക” കാര്യം പോലും ദൈവം നമ്മുടെ പ്രയോജനത്തിനായി ഉപയോഗിക്കുന്നു. അപ്രകാരം, സുവിശേഷവും ന്യായ പ്രമാണവും വിരുദ്ധമല്ല. ദൈവം അവരെ രൂപകല്പന ചെയ്തത് നമ്മുടെ രക്ഷയ്ക്കായി ചേർന്നു പ്രവർത്തിക്കുവാനാണ്.

“ഈ തിരുവെഴുത്തിൽ (ഗലാ. 3:24), അപ്പൊസ്തലനിലൂടെ പരിശുദ്ധാത്മാവ് പ്രതൃക്ഷമായി സാന്മാർഗ്ഗിക ന്യായപ്രമാണത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ന്യായപ്രമാണം നമുക്ക് പാപത്തെ വെളിവാക്കിത്തരുന്നു, ക്രിസ്തുവിന്റെ ആവശ്യകത അനുഭവപ്പെടുവാൻ അത് കാരണമാകുന്നു, അവനിലേക്ക് ക്ഷമയ്ക്കായും

സമാധാനത്തിനായും ഓടിച്ചെല്ലുവാനും ദൈവത്തോട് അനുതാപവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനോട് വിശ്വാസം ഉണ്ടാകുവാനും അത് കാരണമാകുന്നു." EGW, Selected Messages, book 1, .p 234.

**അവസാനമായി എപ്പോഴാണ് നിങ്ങൾ നിങ്ങളുടെ ചിന്തകളും, വാക്കുകളും പ്രവർത്തികളും ന്യായപ്രമാണവുമായി താരതമ്യപ്പെടുത്തിയത്? ഇപ്പോൾ ത്തന്നെ അത് ചെയ്യുക, ന്യായപ്രമാണത്തിന്റെ അക്ഷരങ്ങളുമായി മാത്രമല്ല പിന്നെയോ ആത്മാവിനോടുംകൂടെ (മത്താ.5:28; റോമ. 7:6). നിങ്ങൾ എത്ര നന്നായി ചെയ്തു? ഈ ലേഖനത്തിൽ പൗലൊസ് പറയുന്ന കാര്യത്തെക്കുറിച്ചു നിങ്ങളുടെ ഉത്തരം നിങ്ങളോട് എന്തു പറയുന്നു?**

**വ്യാഴം** **ആഗസ്റ്റ് 10**

**വിശ്വാസിയും ന്യായപ്രമാണവും (ഗലാ. 3:25)**

ഗലാ. 3:25 ലുള്ള പൗലൊസിന്റെ പരാമർശത്തെ പലരും ന്യായപ്രമാണത്തിന്റെ പൂർണ്ണമായ തള്ളിക്കളയലായി വ്യാഖ്യാനിച്ചിട്ടുണ്ട്. ഇതിൽ യുക്തിയില്ല, കാരണം, വേദപുസ്തകത്തിൽ മറ്റിടങ്ങളിൽ അവൻ ന്യായപ്രമാണത്തെക്കുറിച്ചു പ്രസാദാത്മകമായി പറഞ്ഞിട്ടുണ്ട്.

അങ്ങനെയെങ്കിൽ പിന്നെ അവൻ എന്താണ് അർത്ഥമാക്കുന്നത്?

ഒന്നാമതായി, നാം ഇനിമേലിൽ ന്യായപ്രമാണത്തിന്റെ കുറ്റപ്പെടുത്തലിന് കീഴിലല്ല (റോമ. 8:3). വിശ്വാസികളെന്ന നിലയിൽ, നാം ക്രിസ്തുവിലായിരിക്കുന്നു, കൃപയുടെ കീഴിലായിരിക്കുന്നതിന്റെ നന്മകൾ നാം ആസ്വദിക്കുകയും ചെയ്യുന്നു (റോമ. 6:14,15). അത് നമുക്ക് ക്രിസ്തുവിനെ സമ്പൂർണ്ണ ഹൃദയത്തോടെ സേവിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകുന്നു, ആ പ്രക്രിയയിൽ നാം വരുത്താവുന്ന തെറ്റുകൾക്ക് കുറ്റപ്പെടുത്തലേല്ക്കാതെ. ഇതാണ് സുവിശേഷത്തിലെ യഥാർത്ഥ സ്വാതന്ത്ര്യവും വിമോചനവും, ഇനിമേലിൽ ന്യായപ്രമാണം അനുസരിക്കേണ്ടതില്ല എന്നതിൽനിന്ന് തികച്ചും വ്യത്യസ്തമാണിത്- ഇതാണ് ചിലർ ക്രിസ്തുവിലുള്ള "സ്വാതന്ത്ര്യം" എന്ന് അവകാശപ്പെടുന്നത്. എന്നാൽ പകരമായി ന്യായപ്രമാണത്തോടുള്ള അനുസരണക്കേടാണ് പാപം. പാപമാകട്ടെ സ്വാതന്ത്ര്യമല്ലാതെ മറ്റെന്തുമാണ് (യോഹ.8:34).

**റോമ. 8:1-3 വായിക്കുക. ഇനിമേലിൽ ന്യായപ്രമാണത്താൽ കുറ്റം വിധിക്കപ്പെടുകയില്ല എന്ന് പറഞ്ഞാലെന്താണ്? ഈ ആശ്ചര്യകരമായ സത്യം നാം എങ്ങനെ ജീവിക്കുന്നു എന്നതിനെ എങ്ങനെ സ്വാധീനിക്കണം?**

ക്രിസ്തുവിലൂടെ ക്ഷമിക്കപ്പെട്ടതിന്റെ ഫലമായി, ന്യായപ്രമാണത്തോട് നമുക്ക് ഇപ്പോഴുള്ള ബന്ധം വ്യത്യസ്തമാണ്. ഇപ്പോൾ അവന് പ്രസാദകരമായ ഒരു ജീവിതം നയിക്കുന്നതിന് നാം വിളിക്കപ്പെട്ടിരിക്കുകയാണ്. (1 തെസ്സ. 4:1); പൗലൊസ് ഇതിനെ ആത്മാവിൽ നടക്കുന്നതായി (ഗലാ. 5:18) പ്രതിപാദിക്കുന്നു. ഇതിനർത്ഥം സാന്മാർഗ്ഗിക ന്യായപ്രമാണം ഇനിമേലിൽ ബാധകമല്ല എന്നല്ല അതായിരുന്നില്ല ഒരിക്കലും ആ കാര്യം. അതെങ്ങനെയാകാൻ കഴിയും കാരണം ന്യായപ്രമാണമെന്നത് പാപം എന്താണെന്ന് നിർവചിക്കുന്നതാണെന്ന് നാം വളരെ വ്യക്തമായി കണ്ടു കഴിഞ്ഞു

വല്ലോ? പകരം, ന്യായപ്രമാണം എന്നത് ദൈവസ്വഭാവത്തിന്റെ ഒരു കയ്യെഴുത്തു പ്രതി ആയതുകൊണ്ട്, ന്യായപ്രമാണം അനുസരിക്കുന്നതിലൂടെ നാം അവന്റെ സ്വഭാവം പ്രതിഫലിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ അതിലുപരിയായി, ഒരു കൂട്ടം നിയമങ്ങൾ പാലിക്കുക മാത്രമല്ല നാം ചെയ്യുന്നത് പിന്നെയോ യേശുവിന്റെ മാതൃകയാണ്, ന്യായപ്രമാണത്തിന് ഒരിക്കലും ചെയ്യാനാകാത്തത് അവൻ നമുക്കു വേണ്ടി ചെയ്യുന്നു. അവൻ ന്യായപ്രമാണം നമ്മുടെ ഹൃദയങ്ങളിൽ എഴുതുന്നു (എബ്രാ. 8:10) അങ്ങനെ ന്യായപ്രമാണത്തിന്റെ നീതിയുള്ള ആവശ്യങ്ങൾ നമ്മിൽ നിവൃത്തിയാകുവാൻ സാധ്യമാക്കുന്നു (റോമ. 8:4) അതായത്, യേശുവുമായുള്ള നമ്മുടെ ബന്ധത്തിലൂടെ ഇതിനു മുമ്പൊരിക്കലും ഇല്ലാത്തതുപോലെ ന്യായപ്രമാണം അനുസരിക്കാനുള്ള ശക്തി നമുക്കുണ്ട്.

റോമ. 8:4 വായിക്കുക. എന്താണ് പൗലൊസ് ഇവിടെ പറയുന്നത്? ഈ വാഗ്ദത്തം നിങ്ങളുടെ സ്വന്തം ജീവിതത്തിൽ നിങ്ങൾ എങ്ങനെ വെളിവായികണ്ടു? അതേസമയം നിങ്ങൾക്ക് എന്തെല്ലാം പ്രാസദാത്മകമായ മാറ്റങ്ങൾ അനുഭവപ്പെട്ടിട്ടുണ്ടെങ്കിലും, എന്തുകൊണ്ടാണ് രക്ഷ എപ്പോഴും മറ്റൊന്നിലുംമല്ലാതെ ക്രിസ്തു നമുക്കുവേണ്ടി ചെയ്തതിൽ അടിസ്ഥാനപ്പെടുത്തേണ്ടത്?

**വെള്ളി** **ആഗസ്റ്റ് 11**

**കൂടുതൽ ചിന്ത :**

"ഗലാത്യരിലുള്ള ന്യായപ്രമാണത്തെക്കുറിച്ച് എന്നോട് ചോദിച്ചു. നമ്മെ ക്രിസ്തുവിങ്കലേക്ക് കൊണ്ടുവരുവാൻ എന്തു ന്യായപ്രമാണമാണ് ശിശുപാലകൻ കൊണ്ടുവരേണ്ടത്? ഞാൻ ഉത്തരം പറയുന്നു: കർമ്മാചാരപരമായതും സാന്മാർഗ്ഗികവുമായ പത്തു കല്പനയുടെ നിയമ സംഹിതകൾ "സമ്പൂർണ്ണ യെഹൂദാ സമ്പദ്വ്യവസ്ഥയുടെ അടിത്തറ ക്രിസ്തുവായിരുന്നു. ഹാബേലിന്റെ മരണം കയീൻ അനുസരണത്തിന്റെ പാഠശാലയിൽ ദൈവത്തിന്റെ പദ്ധതി സ്വീകരിക്കാൻ വിസമ്മതിച്ചതിനാലാണ്. ക്രിസ്തുവിലേക്ക് ചൂണ്ടുന്ന യാഗവസ്തുക്കളാൽ യേശുവിന്റെ രക്തത്താൽ രക്ഷപ്പെടുവാൻ അവൻ വിസമ്മതിച്ചു. ലോകത്തിനുവേണ്ടി ചൊരിയപ്പെടുന്ന ക്രിസ്തുവിന്റെ രക്തത്തെ സൂചിപ്പിക്കുന്ന രക്തം ചൊരിയാൻ കയീൻ വിസമ്മതിച്ചു. ഈ ശുശ്രൂഷ മുഴുവൻ തയ്യാറാക്കപ്പെട്ടത് ദൈവത്താലാണ്, ക്രിസ്തു ആ വ്യവസ്ഥയുടെ മുഴുവൻ അടിസ്ഥാനമായി. സമ്പൂർണ്ണ യെഹൂദാ സമ്പദ്വ്യവസ്ഥയുടെ അടിസ്ഥാനമായിരുന്ന ക്രിസ്തുവിനെ കണക്കിലെടുക്കാൻ പാപികളായ മനുഷ്യരെ ബോധ്യപ്പെടുത്തുകയായിരുന്നു ശിശുപാലകന്റെ ആദ്യ പ്രവർത്തി.

"മനുഷ്യരാശിയുടെ പേർക്ക് ക്രിസ്തു നടത്തിയ ഇടപെടലുകളെക്കുറിച്ച് സമാഗമനകൂടാരവുമായി ബന്ധപ്പെട്ടവരെ നിരന്തരമായി അഭ്യസിപ്പിച്ചുകൊണ്ടിരുന്നു. ഈ ശുശ്രൂഷ വിഭാവനം ചെയ്യപ്പെട്ടത് എല്ലാ ഹൃദയങ്ങളിലും ദൈവത്തിന്റെ ന്യായപ്രമാണത്തോട് ഒരു സ്നേഹം സൃഷ്ടിച്ചെടുക്കാനായിരുന്നു, അതായിരുന്നു അവന്റെ രാജ്യത്തിന്റെ നിയമം".EGW Selected Messages, book 1, .p 233.

“പത്തു കല്പനകളുടെ ന്യായപ്രമാണം നിരോധനത്തിന്റെ വശത്തെക്കാൾ കൂടുതൽ കരുണയുടെ വശത്തുനിന്ന് നോക്കിക്കാണണം. അതിന്റെ നിരോധനങ്ങൾ അനുസരണത്തിലുള്ള സന്തോഷത്തിന്റെ വ്യക്തമായ ഉറപ്പാണ്.

ക്രിസ്തുവിൽ സ്വീകരിക്കപ്പെട്ടതുപോലെ, അത് നമ്മിൽ യുഗായുഗങ്ങളിലൂടെ സന്തോഷം കൊണ്ടുവരുന്ന സ്വഭാവത്തിന്റെ പരിശുദ്ധി നമ്മിൽ ഉളവാകും. അനുസരണയുള്ളവർക്ക് അതൊരു സംരക്ഷണ ഭിത്തിയാണ്.” EGW Selected Messages, book 1, .p 235.

**ചർച്ചാ ചോദ്യങ്ങൾ :**

1. നമ്മുടെ ജീവിതങ്ങളിൽ പാപത്തെ എങ്ങനെ അതിജീവിക്കാം എന്ന ചോദ്യവുമായി നാം പാടുപെടുന്നു. പാപത്തിനുമേലുള്ള വിജയം ഉറപ്പാക്കുന്ന എന്ത് വാഗ്ദത്തങ്ങളാണ് നമുക്ക് വേദപുസ്തകത്തിലുള്ളത്? ഈ വാഗ്ദത്തങ്ങൾ യാഥാർത്ഥ്യമാക്കാൻ നമുക്ക് നമ്മെത്തന്നെ എങ്ങനെ മെച്ചമായി ക്രമീകരിക്കാം? അതേ സമയം, രക്ഷയിലുള്ള നമ്മുടെ പൂർണ്ണ പ്രത്യാശ നമുക്കു ലഭിക്കുന്ന വിജയങ്ങളിലല്ല പിന്നെയോ നമുക്കായുള്ള ക്രിസ്തുവിന്റെ വിജയത്തിലായിരിക്കണം എന്നത് സൂഷ്മതയോടെ നാം ഉറപ്പക്കേണ്ടത് എന്തുകൊണ്ടാണ്?
2. ന്യായപ്രമാണം നീങ്ങിപ്പോയി എന്നു മിക്കപ്പോഴും ക്രിസ്ത്യാനികൾ അവകാശപ്പെടുന്നത് നാം കേട്ടിട്ടുണ്ട്. നിശ്ചയമായും ഇതേ ക്രിസ്ത്യാനികൾ പാപത്തിനെതിരായി സംസാരിക്കും, അതിനർത്ഥം, യഥാർത്ഥത്തിൽ ന്യായപ്രമാണം നീങ്ങിപ്പോയെന്ന് അവർ വിശ്വസിക്കുന്നില്ല എന്നാണ്. യഥാർത്ഥത്തിൽ എന്താണ് അവർ ആ അവകാശവാദത്തിലൂടെ അർത്ഥമാക്കുന്നത്? (സൂചന: ഏത് കല്പനയുടെ പശ്ചാത്തലത്തിലാണ് ആ അവകാശവാദം മിക്കപ്പോഴും ഉയർന്നുവരുന്നത്?)

**സംഗ്രഹം:**

ക്രിസ്തുവിന്റെ ആവശ്യകത പാപികൾക്കു ചൂണ്ടിക്കാണിക്കാനാണ് ന്യായപ്രമാണം നല്കപ്പെട്ടത്. ഒരു ഉടമസ്ഥനെന്ന നിലയിൽ, അത് ദൈവത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളും തിന്മയിൽനിന്ന് സംരക്ഷണവും നല്കുന്നു. എന്നാൽ ഒരു ശിക്ഷകനെപ്പോലെ, അത് നമ്മുടെ പാപം ചൂണ്ടിക്കാണിക്കുകയും കുറ്റം വിധിക്കുകയും ചെയ്യുന്നു. ക്രിസ്തു നമ്മെ ന്യായപ്രമാണത്തിന്റെ കുറ്റം വിധിക്കലിൽനിന്ന് മോചിപ്പിക്കുകയും അവന്റെ ന്യായപ്രമാണം നമ്മുടെ ഹൃദയങ്ങളിൽ എഴുതുകയും ചെയ്യുന്നു.